(ബി) ഇതേപ്പറ്റി ഇപ്പോൾ ഒന്നും പറയാൻ സാധിക്കുകയില്ല.

(സി) കേന്ദ്രഗവൺമെന്റ് ഇക്കാര്യത്തിൽ സഹായവാഗ്ദാനങ്ങളൊന്നും നൽകിയിട്ടില്ല.

ശക്തൻതമ്പുരാൻ സ്മാരകം

996. [1453] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശക്തൻതമ്പുരാന്റെ കോവിലകവും പറമ്പും ഗവൺമെന്റ് ഏറ്റെടുത്ത് സ്മാരകമായി സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) എന്നത്തേക്ക് ഏറ്റെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) ശക്തൻതമ്പുരാന്റെ കോവിലകവും പറമ്പും ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നതേയുള്ളു.

(ബി) കൃത്യമായി പറയാൻ കഴിയുകയില്ല. ഏറ്റെടുക്കൽ നടപടി കഴിവതും വേഗം പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണ്.

നെൽവയലുകൾ

997. [1454] ശ്രീ. കെ. പി. അരവിന്ദാക്ഷൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു ;

(ബി) ഇതിൽ ഒരുപ്പൂ നിലം എത്ര : ഇരുപ്പൂ നിലം എത്ര ;

(സി) സംസ്ഥാനത്തെ ഓരോ ജില്ലയിലേയും കണക്ക് പ്രത്യേകം വെളിപ്പെടുത്താമോ ;

(ഡി) 1980-ൽ ഇത് ഓരോ ജില്ലയിലും എത്ര വീതം ആയിരുന്നു ?

ഉത്തരം

(എ) 1982-83-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ഇപ്പോൾ 740086 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ട്.

(ബി) ഒന്നാംവിള 327783 ഹെക്ടറിലും രണ്ടാംവിള 324580 ഹെക്ടറിലും മൂന്നാംവിള 87743 ഹെക്ടറിലും കൃഷി ചെയ്യുന്നതായി കണക്കാക്കിയിരിക്കുന്നു.

(സി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ഒന്നിൽ ചേർക്കുന്നു †

(ഡി) അനുബന്ധം രണ്ടിൽ ചേർക്കുന്നു.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ (1454) കാണുക]

ANNEXURE-I

Area under Rice during 1982-'83

വിസ്തൃതി ഹെക്ടറിൽ

ജില്ല	ഒന്നാംവിള	രണ്ടാംവിള	മൂന്നാംവിള	ആകെ
തിരുവനന്തപുരം	13165	13546	368	27079
കൊല്ലം	19477	20028	341	39846
പത്തനംതിട്ട	7988	6254	3641	17883
ആലപ്പുഴ	28532	15570	25099	69201
കോട്ടയം	12906	14583	7312	34801
ഇടുക്കി	3830	3955	287	8072
എറണാകുളം	35736	36994	14002	86732
തൃശ്ശൂർ	37920	48220	17251	103391
പാലക്കാട്	87895	77692	2447	168034
മലപ്പുറം	33779	35303	5667	74749
കോഴിക്കോട്	9677	11286	2192	23155
വയനാട്	..	23856	6715	30571
കണ്ണൂർ	36878	17273	2421	56572
	327783	324560	87743	740086

Source : Directorate of Economics & Statistics

ANNEXURE II

(Area under Paddy (in Hectares 1980-81)

ജില്ല	ഒന്നാംവിള	രണ്ടാംവിള	മൂന്നാംവിള	ആകെ
തിരുവനന്തപുരം	15361	16115	1107	35583
കൊല്ലം	24142	25090	823	50055
ആലപ്പുഴ	33019	25372	24075	82466
കോട്ടയം	13485	10799	7664	31948
ഇടുക്കി	3862	5100	299	9261
എറണാകുളം	43174	39719	19607	102500
തൃശ്ശൂർ	40584	49168	20562	110314
പാലക്കാട്	89762	89550	4322	183634
മലപ്പുറം	38603	36012	5407	80022
കോഴിക്കോട്	9826	28461	7164	45451
കണ്ണൂർ	37425	28746	7294	73465
സ്റ്റേറ്റ്	349243	354132	98324	801699

Source : Statistics for planning 1983

LIBRARY ARCHIVES Kerala Legislative Assembly